
അനെർട്ട്
ഊർജ്ജവകുപ്പ്, കേരള സർക്കാർ

കേരള സർക്കാർ

# അനെർട്ടിന്റെ പുതിയ പദ്ധതികളുടെ ഉദ്ഘാടനം

**2025 ജൂലൈ 4 വെള്ളി 2:30 ന്**
**അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി. തിരുവനന്തപുരം**





**ഉദ്ഘാടനം**
**ശ്രീ. കെ. കൃഷ്ണൻകുട്ടി**
ബഹു. വൈദ്യുതി വകുപ്പ് മന്ത്രി

**അധ്യക്ഷൻ**
**ശ്രീ. വി. കെ പ്രശാന്ത്**
ബഹു. വട്ടിയൂർക്കാവ് MLA

വെഹിക്കിൾ ടു ഗ്രിഡ് (V2G) പൈലറ്റ് പ്രോജക്ടിന്റെയും വൈദ്യുത ഗ്രിഡ് സംയോജിത ഊർജ്ജ സംഭരണ സംവിധാനത്തിന്റെയും, ഇ.വി. കസ്റ്റമർ ലോഞ്ചിന്റെയും ഉദ്ഘാടനവും വൈദ്യുത വാഹന ചാർജ്ജിംഗിനായുള്ള ആധുനിക രീതിയിലുള്ള മൊബൈൽ ആപ്ലിക്കേഷന്റെ (EZ4EV) ഔദ്യോഗിക പ്രഖ്യാപനവും.

ബഹുമാന്യരെ,

സംസ്ഥാന സർക്കാറിന്റെ ഊർജ്ജ വകുപ്പിന്റെ നേതൃത്വത്തിൽ അനെർട്ട് താഴെ പറയുന്ന നൂതന ഹരിതോർജ്ജ പദ്ധതികൾക്ക് തുടക്കം കുറിക്കുന്നു.

### വെഹിക്കിൾ ടു ഗ്രിഡ് (V2G) പൈലറ്റ് പ്രോജക്റ്റ്

വൈദ്യുതി ഉപഭോഗം കുറവുള്ള സമയത്തു ഗ്രിഡിൽ നിന്നും വൈദ്യുതി ഇലക്ട്രിക് കാറുകളിൽ ശേഖരിച്ചു സൂക്ഷിക്കുകയും ഉപഭോഗം കൂടുതലുള്ള സമയത്തു വൈദ്യുതി ഗ്രിഡിലേയ്ക്ക് നൽകുകയും ചെയ്യാം ഇതുവഴി ഇലക്ട്രിക് കാർ ഉടമകൾക്ക് അധിക വരുമാനം ലഭ്യമാകുന്നതാണ്. ഗ്രിഡിന്റെ ലോഡ് കുറയ്ക്കുവാൻ സഹായിക്കുന്ന വെഹിക്കിൾ ടു ഗ്രിഡ് (V2G) പദ്ധതി കേരളത്തിൽ ആദ്യമായി അനെർട്ട് നടപ്പിലാക്കുന്നു.

### വൈദ്യുത ഗ്രിഡ് സംയോജിത ഊർജ്ജ സംഭരണ സംവിധാനം (Grid Interactive Renewable Powered Battery Energy Storage System)

കഴിഞ്ഞ ഒരു ദശകത്തിൽ ഫോസിൽ ഇന്ധനങ്ങളുടെ ക്ഷാമം കാരണം സൗരോർജ്ജ ഉപയോഗം വ്യാപകമായി വർദ്ധിച്ചിരിക്കുന്നു. വൈദ്യുതി ട്രാൻസ്മിഷൻ സംവിധാനത്തിന്റെ സ്ഥിരതയ്ക്കും, ഹരിത വൈദ്യുതി ഉത്പാദനം മെച്ചപ്പെടുത്തുന്നതിനുമായി സൗരോർജ്ജത്തിൽ നിന്നും ഉൽപാദിപ്പിക്കുന്ന അധിക വൈദ്യുതി, രാത്രി കാലങ്ങളിലെ ഉപയോഗത്തിനായി സംഭരിക്കേണ്ടത് അനിവാര്യമായി മാറിയിരിക്കുന്നു. അനെർട്ട് നടപ്പിലാക്കുന്ന ഗ്രിഡ് ഇൻററാക്ടീവ് സോളാർ പവേർഡ് ബാറ്ററി എനർജി സ്റ്റോറേജ് പദ്ധതിയിലൂടെ പകൽസമയം സൗരോർജ്ജ വൈദ്യുതി ശേഖരിച്ച്, അധിക വൈദ്യുതി ബാറ്ററിയിൽ സംഭരിച്ച്, ഉപഭോഗം കൂടുതലാകുന്ന രാത്രികാലങ്ങളിൽ ഉപയോഗിക്കാൻ സാധിക്കുന്നു.

### വൈദ്യുത വാഹന ചാർജിംഗിനായുള്ള ആധുനിക രീതിയിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (EZ4EV)

പബ്ലിക് ഇ.വി ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നവരുടെ ഉപയോഗത്തിലേയ്ക്കായി സൗജന്യ നിരക്കിൽ മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാരിന് വേണ്ടി അനെർട്ട് ആധുനിക സംവിധാനങ്ങളോടെ വികസിപ്പിച്ചെടുത്ത EZ4EV മൊബൈൽ ആപ്ലിക്കേഷൻ.

### ഇ.വി. കസ്റ്റമർ ലോഞ്ച്


ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യാൻ വരുന്ന ഉപഭോക്താകൾക്ക് വിശ്രമിക്കാനായും സമയം ചെലവഴിക്കുവാനായി അനെർട്ട് ആസ്ഥാന കാര്യാലയത്തിൽ സജ്ജമാക്കിയ AC കസ്റ്റമർ ലോഞ്ച്.

മേൽ പറഞ്ഞ പദ്ധതികളുടെ ഉദ്ഘാടനം **2025 ജൂലൈ 4 വെള്ളിയാഴ്ച ഉച്ചയ്ക്ക് 2.30 മണിക്ക്** അനെർട്ട് ആസ്ഥാന കാര്യാലയത്തിലെ സെമിനാർ ഹാളിൽ വച്ച് നടക്കുന്ന ചടങ്ങിൽ **ബഹു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി** നിർവഹിക്കുന്നതാണ്. പ്രസ്തുത ചടങ്ങിലേയ്ക്ക് താങ്കളെ സാദരം ക്ഷണിച്ചു കൊള്ളുന്നു.

സ്നേഹാദരങ്ങളോടെ

**നരേന്ദ്രനാഥ് വേലൂരി ഐ.എഫ്.എസ്.**
**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**
**അനെർട്ട്**

തിരുവനന്തപുരം
01.07.2025




# കാര്യപരിപാടികൾ

**2025 ജൂലൈ 4 വെള്ളി 2.30 ന്**

**അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി., തിരുവനന്തപുരം**

| | | |
|---|---|---|
| **സ്വാഗതം** | : | **ശ്രീ. നരേന്ദ്രനാഥ് വേലൂരി IFS**<br>ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അനെർട്ട് |
| **അധ്യക്ഷൻ** | : | **ശ്രീ. വി. കെ. പ്രശാന്ത്**<br>**ബഹു. എം.എൽ.എ, വട്ടിയൂർക്കാവ്** |
| **ഉദ്ഘാടനം** | : | **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>**ബഹു. വൈദ്യുതി വകുപ്പ് മന്ത്രി** |
| **മുഖ്യ പ്രഭാഷണം** | : | **ശ്രീ. പുനീത് കുമാർ IAS**<br>അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജം, തദ്ദേശ സ്വയം ഭരണം, പട്ടികജാതി പട്ടിക വർഗ്ഗ വികസനം, പിന്നോക്ക വിഭാഗ വികസനം |
| **വിശിഷ്ടാതിഥികൾ** | : | **ശ്രീ. കെ.ആർ ജ്യോതിലാൽ IAS**<br>അഡിഷണൽ ചീഫ് സെക്രട്ടറി, ധനകാര്യം, നികുതി, എക്സൈസ്, രജിസ്ട്രേഷൻ |
| | : | **ശ്രീ. മീർ മുഹമ്മദ് അലി IAS**<br>സ്പെഷ്യൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി. ലിമിറ്റഡ് |
| **ആശംസകൾ** | : | **ഡോ. ഹരികുമാർ ആർ.**<br>ഡയറക്ടർ, EMC |
| | : | **ശ്രീ. രവി കുമാർ പിള്ള**<br>പ്രസിഡന്റ്, ISGF |
| | : | **ശ്രീ. വിനോദ് ജി.**<br>ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ |
| | : | **ശ്രീമതി. മേരി പുഷ്പം**<br>വാർഡ് മെമ്പർ, കുന്നുകുഴി തിരുവനന്തപുരം കോർപറേഷൻ |
| **നന്ദി** | : | **ശ്രീ. മനോഹരൻ ജെ.**<br>ടെക്നിക്കൽ മാനേജർ, അനെർട്ട് |




അനെർട്ട്

ഊർജ്ജവകുപ്പ്, കേരള സർക്കാർ

കേരള സർക്കാർ

**നവീനവും പുനരുപയോഗയോഗ്യവുമായ ഊർജ്ജ ഗവേഷണങ്ങൾക്കും**
**സാങ്കേതിക വിദ്യകൾക്കുമുള്ള ഏജൻസി**



പി എം ജി ലോ കോളേജ് റോഡ്, വികാസ് ഭവൻ പി ഒ., തിരുവനന്തപുരം

ടോൾ ഫ്രീ : 1800 425 1803